**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല – ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് നടക്കുന്ന അഖിലേന്ത്യാ എക്സിബിഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സംഭാവന – യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1212/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 28/04/2018

---

പരാമർശം:- 1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ 01/02/2018 ലെ കത്ത്.

2.വടക്കാഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 29/01/2018 ലെ ജി5-1130/18 നമ്പർ കത്ത്.

3.വടക്കാഞ്ചേരി നഗരസഭാ ചെയർപേഴ്സന്റെ 17/02/2018 ലെ എ 1-7919/17 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ നടക്കുന്ന ഉത്രാളിക്കാവ് പൂരത്തോടനുബന്ധിച്ച് നടത്തുന്ന അഖിലേന്ത്യാ എക്സിബിഷന് തൃശ്ശൂർജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ധനസഹായം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം വടക്കാഞ്ചേരി നഗരസഭാ ചെയർപേഴ്സൻ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഉത്രാളിക്കാവ് പൂരാഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന അഖിലേന്ത്യാ എക്സിബിഷന്റെ നടത്തിപ്പിനായി വടക്കാഞ്ചേരി നഗരസഭയിൽ നിന്ന് ഒരു ലക്ഷത്തിൽ കവിയാത്ത തുകയും തലപ്പിള്ളി താലൂക്ക് പരിധിയിലെയും പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉത്രാളിക്കാവ് പൂരം എക്സിബിഷൻ കമ്മിറ്റി ചെയർമാൻ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി/ചെയർപേഴ്സൺ, വടക്കാഞ്ചേരി നഗരസഭ, വടക്കാഞ്ചേരി പി.ഒ, തൃശ്ശൂർ - 680582.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ